**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമഗ്ര കേരള വികസനത്തിന് വേണ്ടി അഞ്ചു വർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തിയാക്കുവാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) - മുന്നൊരുക്ക പ്രവർത്തനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.328/17/തസ്വഭവ — തിരുവനന്തപുരം, തിയതി :06.02.2017

---

പരാമർശം:-1. സഉ(സാധാ) നം,2924/2016/തസ്വഭവ, തിയതി.21/10/2016.
2. സഉ(കൈ) നം.160/2016/തസ്വഭവ, തിയതി.08/11/2016.
3.ബഹു: മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03/01/2017 ൽ ലൈഫ് മിഷന്റെ മുന്നോടിയായി കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ്.

## ഉത്തരവ്

അടുത്ത അഞ്ചു വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത - ഭവന രഹിതർക്കും ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതുവഴി കേരളത്തിന്റെ സാമൂഹിക/പശ്ചാത്തല മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നതിനും, ഭവനരഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനുമായി ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) നടപ്പാക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### 1. പദ്ധതി സമീപനം

a. സ്ഥലമുള്ള എല്ലാവർക്കും സാമ്പത്തിക സഹായം നൽകി ഗുണഭോക്താവ് നേരിട്ടോ ഏജൻസി മുഖേനയോ ഭവന നിർമ്മാണം നടത്തുക.

b. ഭൂരഹിതർക്ക്, എല്ലാവിധ സാമൂഹിക/പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവന സമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുക.

2. പദ്ധതിയുടെ ഗുണഭോക്താക്കൾ

താഴെപറയുന്നവരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ.

1. ഭൂമിയുള്ള ഭവന രഹിതർ
2. ഭൂരഹിത-ഭവന രഹിതർ
3. പുറമ്പോക്കിലോ, തീരദ്ദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
4. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ SECC സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും അടിസ്ഥാനമാക്കുന്നതാണ്. ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ കണ്ടെത്തുന്നതിന് കുടുംബശ്രീ സർവ്വേ നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

4. ഗുണഭോക്താക്കളുടെ മുൻഗണന

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് താഴെപ്പറയുന്ന മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

(i) മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ.

(ii) അഗതികൾ

(iii) അംഗവൈകല്യമുള്ളവർ (40% -ന് മുകളിൽ)

(iv) ഭിന്നലിംഗക്കാർ

(v) ഗുരുതര/മാരകരോഗമുള്ളവർ

(vi) അവിവാഹിതരായ അമ്മമാർ

(vii) രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ

(viii) വിധവകൾ

5. ഭവനത്തിന്റെ വലിപ്പം

പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഭവനത്തിന്റെ എറ്റവും കുറഞ്ഞ തറ വിസ്തീർണ്ണം 350 ചതുരശ്ര അടിയും കൂടിയത് 600 ചതുരശ്ര അടിയുമായിരിക്കുന്നതാണ്.

6. ഭൂമി സ്വന്തമായുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം താഴെ പറയുന്ന നിരക്കിൽ നല്കുന്നതാണ്.

| | |
|---|---|
| ജനറൽ വിഭാഗം | - 3 ലക്ഷം രൂപ |
| പട്ടികജാതി | - 4 ലക്ഷം രൂപ |
| പട്ടിക വർഗ്ഗം | - ജില്ലാമിഷൻ തീരുമാനിക്കുന്ന യഥാർത്ഥ തുക. |
| മത്സ്യബന്ധന മേഖലയിലുള്ളവർ | - 4 ലക്ഷം രൂപ |
| തോട്ടം മേഖലയിൽ തൊഴിലെടുക്കുന്നവർ | - 4 ലക്ഷം രൂപ |

മൽസ്യബന്ധനമേഖലയിലും തോട്ടം മേഖലയിലുമുള്ള തൊഴിലാളികൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽതന്നെ ഭവനം നിർമ്മിച്ച് നല്കേണ്ടതാണ്.

7. പദ്ധതിക്ക് സ്ഥലം കണ്ടെത്തൽ

1. പദ്ധതിയുടെ ഭാഗമായി ഭൂരഹിതരായ ഭവനരഹിതർക്ക് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിലുള്ള സ്ഥലങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഫെബ്രുവരി 28-ന് മുമ്പായി സംസ്ഥാന മിഷന് ആയതിന്റെ പട്ടിക കൈമാറേണ്ടതാണ്.

2. സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ജില്ലാമിഷനെ ചുമതലപ്പെടുത്തുന്നു.

3. സർക്കാർ/സർക്കാർ ഏജൻസി/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശമുള്ള ഭൂമി ഈ ആവശ്യത്തിനായി

ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് ജില്ലാ മിഷനെ ചുമതലപ്പെടുത്തുന്നു.

8. **സാങ്കേതിക സ്ഥാപനങ്ങളുടെ എംപാനലിങ്ങ്.**

1. സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്കുകളെയും/എഞ്ചിനീയറിംഗ് കോളേജ്കളെയും (സിവിൽ ബ്രാഞ്ച്/ആർക്കിടെക്റ്റ് എന്നിവ ഉള്ളവ) ജില്ലാതല/ബ്ലോക്ക് തല/നഗരതല തേർഡ്പാർട്ടി ടെക്കനിക്കൽ ഏജൻസി (റ്റി.പി.റ്റി.എ) ആയി ചുമതലപ്പെടുത്തുന്നു.
2. മുഖ്യ റ്റി.പി.റ്റി.എ ആയി സി.ഇ.റ്റി തിരുവനന്തപുരം, എൻ.ഐ.റ്റി കോഴിക്കോട് എന്നിവരെ ചുമതലപ്പെടുത്തുന്നു.

9. പൂർത്തിയാകാത്ത ഭവനമുള്ളവർ, വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്നവർ എന്നിവരെ കണ്ടെത്തുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

10. പദ്ധതിയുടെ പ്രവർത്തന രീതി താഴെ പറയും പ്രകാരമായിരിക്കുന്നതാണ്.

1. സാധന സാമഗ്രികൾ/തൊഴിലാളികൾ എന്നിവരുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടത് ജില്ലാമിഷന്റെ ചുമതലയായിരിക്കുന്നതാണ്.
2. തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കാനും പുതിയ തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാനും നിലവിൽ കുടുംബശ്രീ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഉപയോഗിക്കുവാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പരിശീലനം നൽകിയും പരിശീലന ശേഷം ഇവരെ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്ത് നിർമ്മാണപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതുമാണ്.

11. ലൈഫ് പാർപ്പിട സമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ എന്നിവയുടെ നിർമ്മാണം

1. ആദ്യഘട്ടത്തിൽ ഭവന രഹിതരായ 600 കുടുംബങ്ങൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 6 ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതാണ്. ആയതിന്റെ ചുമതല ജില്ലാമിഷനായിരിക്കുന്നതാണ്.
2. നിലവിലുള്ള നിർമ്മാണ രീതിക്ക് പുറമേ, പുതിയ നിർമ്മാണ രീതികളായ പ്രീ-ഫാബ്/പ്രീ

മാനുഫാക്ച്ചറിങ് എന്നിവ പരമാവധി ഉപയോഗിക്കുന്നതാണ്. ആയതിന് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ബിൽഡിംഗ് മെറ്റീരിയൽ ആന്റ് ടെക്നോളജി പ്രൊമോഷൻ കൗൺസിലിന്റെ സഹായം തേടുന്നതാണ്. കേരളത്തിൽ തന്നെയുള്ള നിർമ്മാണ യൂണിറ്റുകളുടെ സഹായം ഇതിനായി വിനിയോഗിക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടി ലൈഫ് മിഷൻ സ്വീകരിക്കുന്നതാണ്.

3. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ, വൈദ്യുതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി, ഊർജ്ജ വകുപ്പ് സ്വീകരിക്കേണ്ടതാണ്.
4. ലൈഫിലെ ഗുണഭോക്താക്കൾക്ക്, ജീവനോപാധി ലഭ്യമാകുന്നതിനുള്ള തൊഴിൽ പരിശീലനം കുടുംബശ്രീ ഉറപ്പാക്കേണ്ടതാണ്.
5. നിശ്ചിത വാടക ഈടാക്കി, താമസം അനുവദിക്കുന്നതാണ്. വാടകയായി ഈടാക്കേണ്ട തുക ജില്ലാമിഷൻ നിശ്ചയിക്കുന്നതാണ്.ഇതിനായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതാണ്.

12. <u>മിഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

1. പഞ്ചായത്ത്/നഗരസഭാതലത്തിൽ, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാതല ഭരണ സമിതികൾ ആയിരിക്കും മിഷൻ പ്രവർത്തനം നടത്തേണ്ടത്.
2. റോഡ് പുറംപോക്കിലും പുഴയുടെയും ചാനലുകളുടെയും കരകളിൽ താമസിക്കുന്നവരെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ട് വരേണ്ടതും ഇവർക്ക് പദ്ധതി പ്രകാരം ഭവനം നൽകുന്ന മുറക്ക് ആ പ്രദേശം അപ്പോൾതന്നെ ക്ലിയർ ചെയ്ത് Green Zone ആക്കി മാറ്റേണ്ടതുമാണ്. ഇതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, വനം വകുപ്പും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.
3. ഗുണഭോക്തൃ നിശ്ചയത്തിനായും തുടർന്നുള്ള മേൽനോട്ട പരിശോധനയ്ക്കായും ജിയോടാഗ് സംവിധാനം ഉപയോഗിക്കുന്നതാണ്. ആയതിന് ആവശ്യമായ നടപടി ജില്ലാ മിഷൻ സ്വികരിക്കുന്നതാണ്.
4. പദ്ധതി പ്രകാരം അനുവദിക്കുന്ന ഭവനങ്ങൾ 600 ചതുരശ്ര അടി വിസ്തീർണ്ണത്തിന്

താഴെയാകുന്ന പക്ഷം നിലവിലുള്ള മേഖലാ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതാണ്. ആയതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

5. വെബ്/സോഫ്റ്റ് വെയർ എന്നിവ ഗ്രാമ വികസന വകുപ്പ് ആവാസ് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി തയ്യാറാക്കേണ്ടതാണ്.

6. വിവിധ വിഷയങ്ങൾ പരിഗണിച്ച്, പ്രാദേശിക ഇളവുകൾ ജില്ലാ മിഷൻ അനുവദിക്കേണ്ടതാണ്.

7. നിർമ്മാണ സാമഗ്രികളുടെ ഉത്പാദനത്തിനും സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനുമായി സ്റ്റാർട്ട് അപ്പുകളെ പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.കെ.മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ ജില്ലാ കളക്ടർമാരും
ഡയറക്ടർ, പട്ടിക ജാതി വകുപ്പ്
ഡയറക്ടർ, പട്ടിക വർഗ്ഗ വകുപ്പ്
കമ്മീഷണർ, ഹൗസിംഗ് ബോർഡ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്.
കമ്മീഷണർ, ലേബർ വകുപ്പ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി ലിമിറ്റഡ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചയാത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മിഷണർ മുഖേന)
എല്ലാ കോർപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയര്മാന്മാർക്കും കമ്മീഷണര്മാര്ക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:**-ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
മത്സ്യ ബന്ധനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാമൂഹിക നീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജല വിഭവം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
പ്ലാനിംഗ് & ഇക്കണോമിക് അഫേഴ്സ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
മത്സ്യ ബന്ധനംവും തുറമുഖവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
പട്ടിക ജാതി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്